**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 2134** **12.02.2013-ൽ മറുപടിക്ക്.**

## സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഹൈബി ഈഡൻ<br>,, പാലോട് രവി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | : (എ) പ്ലാൻ പദ്ധതിയുടെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും 'ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി എനേബിൾഡ് സിറ്റിസൺ ഹെൽപ്പ് ഡെസ്ക്കു'കൾ 01.09.2012 മുതൽ ആരംഭിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങളിൽ നിന്നുള്ള പരാതികളും, അപേക്ഷകളും സ്വീകരിക്കുക, രസീത് നൽകുക, ആവശ്യാനുസരണം സംസ്ഥാനത്തെ മറ്റു പോലീസ് ഓഫീസുകളിലേയ്ക്ക് തുടർ നടപടികൾക്കായി അയയ്ക്കുക എന്നീ കാര്യങ്ങൾ ഇതിനായി സജ്ജമാക്കിയിട്ടുള്ള സംവിധാനത്തിലൂടെ ചെയ്തുവരുന്നു. ഇതിന് പുറമേ പരാതിയിൽ/ അപേക്ഷയിൽ എടുക്കുന്ന നടപടികളുടെ വിവരങ്ങൾ അപേക്ഷകർക്ക് വെബ്സൈറ്റുകളിലൂടെയും മറ്റും ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ഇതിലുണ്ട്. |
| (ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | : (ബി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും, സംസ്ഥാനത്തെ ഏത് പോലീസ് സ്റ്റേഷനിലേയ്ക്കുള്ള പരാതിയും ഈ സംവിധാനത്തിലൂടെ സ്വീകരിക്കുന്നു. പരാതി സ്വീകരിച്ചതിന്റെ രസീത് അപ്പോൾ തന്നെ പരാതിക്കാരന് നൽകുന്നു. മറ്റ് പോലീസ് സ്റ്റേഷനിലേയ്ക്കുള്ള പരാതിയാണെങ്കിൽ അത് ഉടൻ തന്നെ ഓൺ ലൈനായി ആ പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചുകൊടുക്കുന്നു. |

(മറുപുറം)

| | |
|---|---|
| (സി) പ്രസ്തുത സംവിധാനം വഴി ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം സൗകര്യങ്ങൾ ആണ് ഒരുക്കിയിട്ടുള്ളത് ; വ ിശദമാക്കുമോ ? | : (സി) ഓൺലൈൻ സംവിധാനം വഴി പരാതി ഏത് പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ടതാണെങ്കിലും സമീപത്തുള്ള പോലീസ് സ്റ്റേഷൻ മുഖാന്തിരം അയയ്ക്കാൻ കഴിയുന്നതാണ്. തപാൽ സ്വീകരിച്ചതിന് രസീത് നൽകുന്നതോടൊപ്പം അന്വേഷണ പുരോഗതിയും ഓൺലൈനായി തന്നെ മനസ്സിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ